# GOVERNMENT OF KERALA

## Abstract

Prisons - Recommendation of the Jail Advisory Committee of Central Prison & Correctional Home, Thiruvananthapuram - Premature release of prisoners - Orders issued.

## HOME (B) DEPARTMENT

G.O.(Ms)No.55/2026/HOME Dated,Thiruvananthapuram, 09-03-2026

Read :- Letter No. KPCS/887/2025/WP1, dated 24.04.2025, 15.07.2025, 20.08.2025, 25.09.2025 & 29.09.2025 of the Director General, Prisons and Correctional Services.

## ORDER

As per rules 462 and 463 of Kerala Prisons and Correctional Services (Management) Rules, 2014, Advisory Committees are constituted in each Central Prison, Open Prison, Prison for Women and High Security Prison to make recommendations to the Government for the premature release of prisoners.

2. The Jail Advisory Committee of Central Prison & Correctional Home, Thiruvananthapuram, which met on 18.02.2025, recommended 14 (Fourteen) prisoners for premature release. The Director General of Prisons and Correctional Services, as per the letters read above, has forwarded the minutes of the meeting of the Advisory Committee, along with all supporting documents in respect of the prisoners who have been recommended for premature release.

3. Government have examined the matter in detail and are pleased to order the premature release of the following Seven prisoners of Central Prison & Correctional Home, Thiruvananthapuram, excluding C No. 5235 Louis (expired), C No. 4363 Mahesh and C No.5690 Jose (already released), and C No. 1565 Gopi, C No. 2564 Thomas, C No. 5691 Vijayakumar, and C No. 5244 Karunakaran Nair, whose probation reports are not favourable, by remitting their remaining period of substantive sentence, in exercise of the powers conferred under Article 161 of the Constitution of India and subject to the conditions laid down in Rule 470 of the Kerala Prisons and Correctional Services (Management) Rules, 2014, and on condition that the release will be effected only on payment of fine, if any, or after undergoing the default

sentence:

1. C.No. 5406 Nigel Fernandez
2. C.No. 5407 Trevor Joseph Fernandez
3. C.No. 5649 Anilkumar
4. C.No. 2393 Raju
5. C No. 5251 Vijayakumar
6. C.No. 4371 Sunil
7. C.No. 9351 Baiju

(By order of the Governor)
**BISHWANATH SINHA**
**ADDITIONAL CHIEF SECRETARY**

Additional Chief Secretary to Hon'ble Governor, Lok Bhavan, Thiruvananthapuram
The State Police Chief, Thiruvananthapuram
The Director General of Prisons and Correctional Services, Thiruvananthapuram (with case files)
Superintendent, Central Prison & Correctional Home, Thiruvananthapuram
General Administration (SC) Department
Law Department (Vide U.O(N) OPN-E1/366/2025-LAW dated 20.06.2025)
Information Officer, Web & New Media division, I&PRD
Stock file.

Forwarded /By order

Signed by
Amina B
Date: 10-03-2026 11:29:33
Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 18-02-2026**

ഫയൽ നം. ബി1/183/2025/ആഭ്യന്തരം. ഇനം നം: 3707

വിഷയം : ആഭ്യന്തര വകുപ്പ് - ജയിലുകൾ - തിരുവനന്തപുരം സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ 18.02.2025 തീയതിയിലെ ജയിൽ ഉപദേശക സമിതി ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിടുതൽ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (1) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

19 FEB 2026

69

3707

(88)

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | ബി1/183/2025/ആഭ്യന്തരം |
| 2. വകുപ്പ് | ആഭ്യന്തര (ബി) വകുപ്പ് |
| 3. വിഷയം | ആഭ്യന്തര വകുപ്പ് – ജയിലുകൾ– തിരുവനന്തപുരം സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ 18.02.2025 തീയതിയിലെ ജയിൽ ഉപദേശക സമിതി ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിടുതൽ അനുവദിക്കുന്നത് – സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07.02.2026 |
| 5. | |
| (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അല്ല |
| (ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ബാധകമല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, നിയമവകുപ്പിന്റെ അഭിപ്രായം അനുബന്ധമായി ചേർത്തിട്ടുണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി സിന്ധു. റ്റി. എസ് |
| 8.കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 16.02.2026 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 17.02.2026 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13.മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 17.02.2026 |
| 14.കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 17.02.2026 |
| 15.മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16.തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ 18.02.2025 തീയതിയിലെ ജയിൽ ഉപദേശക സമിതി ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിട്ടുതൽ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ടിലെ വകുപ്പ് 77 പ്രകാരം തടവുകാരുടെ അകാല വിട്ടുതൽ സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനായി എല്ലാ സെൻട്രൽ ജയിലുകളിലും തുറന്ന ജയിലുകളിലും വനിതാ ജയിലുകളിലും വനിതാ തുറന്ന ജയിലിലും, അതീവ സുരക്ഷാ ജയിലിലും ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതി 18.02.2025 ന് യോഗം ചേർന്ന് 14 അന്തേവാസികളെ അകാല വിട്ടുതലിനും 3 അന്തേവാസികളെ സാധാരണ അവധിയ്ക്കും ശിപാർശ ചെയ്യുകയുണ്ടായി. സാധാരണ അവധിക്ക് ശിപാർശ ചെയ്യപ്പെട്ട അന്തേവാസികൾക്ക് സ.ഉ(സാധാ) നം.4414/2025/ആഭ്യന്തരം, തീയതി 19.12.2025 പ്രകാരം അവധി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

3. അകാലവിട്ടുതലിന് ശിപാർശ ചെയ്തിട്ടുള്ള 14 അന്തേവാസികളുടെ കേസ്/ശിക്ഷ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.:-

| ക്രമ നം | കൺവിക്ട് നം. & പേര് (വയസ്സ്) | കുറ്റകൃത്യം | ശിക്ഷ | പോലീസ് റിപ്പോർട്ട് | പ്രൊബേഷൻ റിപ്പോർട്ട് | 31.12.2024 തീയതിയിൽ പൂർത്തീകരിച്ച യഥാർത്ഥ ശിക്ഷാ കാലയളവ് | 31.12.2024 തീയതിയിൽ ഇളവ് ഉൾപ്പെടെ പൂർത്തീകരിച്ച ശിക്ഷാ കാലയിളവ് | ഫൈൻ സംബന്ധിച്ച വിവരങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | സി നം.5235 ലൂയിസ്@ പൊന്നി (61) | ഒരാളെ കൊലപ്പെടുത്തി | ജീവപര്യന്തം കഠിന തടവ് (302, IPC) | പ്രതികൂലം | അനുകൂലം | 14 വർഷം 3 മാസം 11 ദിവസം | 19 വർഷം 3 മാസം 23 ദിവസം | മരണമടഞ്ഞ |
| 2 | 5406, നൈജിൽ ഫെർണാണ്ടസ് (44) | കുടുംബപ്രശ്നം കാരണം ബന്ധുവായ പെൺകുട്ടിയെ കൊലപ്പെടുത്തി | ജീവപര്യന്തം കഠിന തടവ് (427,436 r/w 34,302 IPC) | പ്രതികൂലം | അനുകൂലം | 18 വർഷം 11 മാസം 26 ദിവസം | 22 വർഷം 10 മാസം 26 ദിവസം | ഫൈൻ അടച്ചിട്ടില്ല |

73



| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | 5407, ടവർ ജോസഫ് ഫെർണാണ്ടസ് (44) | കുടുംബപ്രശ്നം കാരണം ബന്ധുവായ പെൺകുട്ടിയെ കൊലപ്പെടുത്തി | ജീവപര്യന്തം കഠിന തടവ് (427,436 r/w 34,302 IPC) | പ്രതികൂലം | അനുകൂലം | 18 വർഷം 9 മാസം 29 ദിവസം | 23 വർഷം 26 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 4 | 5649, അനിൽകുമാർ | രാഷ്ട്രീയകൊലപാതകം | ജീവപര്യന്തം കഠിന തടവ് (302, 143,147,148,324 IPC) | പ്രതികൂലം | അനുകൂലം | 14 വർഷം 2 മാസം 4 ദിവസം | 16 വർഷം 6 മാസം 29 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 5 | 1565, ഗോപി@ഷോബി | 12 വയസുള്ള പെൺകുട്ടിയെ പീഡിപ്പിച്ച് ഗർഭിണിയാക്കി | ജീവപര്യന്തം കഠിന തടവ് (376,506 IPC) | പ്രതികൂലം | പ്രതികൂലം | 7 വർഷം 7 മാസം 13 ദിവസം | 8 വർഷം 10 മാസം 28 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 6 | 2393, രാജു | അയൽവാസികളായ രണ്ട് ആൺകുട്ടികളെ പീഡിപ്പിച്ചു | 10 വർഷംകഠിന തടവ് (377 IPC, സെക്ഷൻ 4 POCSO Act | പ്രതികൂലം | അനുകൂലം | 6 വർഷം 11 മാസം 29 ദിവസം | 8 വർഷം 2 മാസം 2 ദിവസം | ഫൈൻ അടച്ചു. |
| 7 | 2564, തോമസ് | 10 വയസുള്ള പെൺകുട്ടിയെ ലൈംഗികമായി ഉപദ്രവിച്ചു | 10 വർഷംകഠിന തടവ് (376 (2)(i) IPC | പ്രതികൂലം | പ്രതികൂലം | 6 വർഷം 10 മാസം 27 ദിവസം | 8 വർഷം 21 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 8 | 5244 കരുണാകരൻ നായർ | 11 വയസുള്ള ആൺകുട്ടിയെ ലൈംഗികമായി ഉപദ്രവിച്ചു | 5 വർഷം കഠിന തടവ് (8 r/w 7 IPC & 10 r/w 9(m) POCSO Act | പ്രതികൂലം | പ്രതികൂലം | 2 വർഷം 11 മാസം 14 ദിവസം | 3 വർഷം 3 മാസം 18 ദിവസം | ഫൈൻ അടച്ചിട്ടില്ല |

75/



| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | 5251 വിജയകുമാർ | ഭാര്യയെ കൊലപ്പെടുത്താൻ ശ്രമിച്ചു | 5 വർഷം കഠിന തടവ് (307 IPC) | പ്രതികൂലം | അനുകൂലം | 2 വർഷം 5 മാസം | 2 വർഷം 9 മാസം 14 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 10 | 4363 മഹേഷ് | സഹോദരനെ കൊലപ്പെടുത്തി | 10 വർഷം സാധാരണ തടവ്(304 Part 2 IPC) | പ്രതികൂലം | അനുകൂലം | 6 വർഷം 10 ദിവസം | 6 വർഷം 7 മാസം 23 ദിവസം | വിട്ടതൽ ചെയ്തു. |
| 11 | 4371 സുനിൽ | 11 വയസുള്ള ആൺകുട്ടിയെ പ്രകൃതിവിരുദ്ധ ലൈംഗിക പീഡനത്തിന് ഇരയാക്കി | 7 വർഷം കഠിന തടവ് (3(a)r/W 4, 7 r/w 8 of POCSO Act) | പ്രതികൂലം | അനുകൂലം | 4 വർഷം 7 മാസം 14 ദിവസം | 5 വർഷം 3 മാസം 3 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 12 | 9351 ബൈജു | 8 വയസുള്ള പെൺകുട്ടിയെ പീഡിപ്പിച്ചു. | 15 വർഷംകഠിന തടവ് (376(2)(f), 450 IPC) | പ്രതികൂലം | അനുകൂലം | 10 വർഷം 8 മാസം 4 ദിവസം | 12 വർഷം 7 മാസം 23 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 13 | 5690 ജോസ് | ഒരാളെ കുത്തിപ്പരിക്കേൽപ്പിച്ചു | 4 വർഷം സാധാരണതടവ് (324, 308 IPC) | പ്രതികൂലം | പ്രതികൂലം | 2 വർഷം 10 മാസം 9 ദിവസം | 3 വർഷം 1 മാസം 6 ദിവസം | വിട്ടതൽ ചെയ്തു |
| 14 | 5691 വിജയകുമാർ | ഭാര്യയെ കൊലപ്പെടുത്താൻ ശ്രമിച്ചു | 4 വർഷം സാധാരണതടവ് (341,323,324 ,308 IPC) | പ്രതികൂലം | പ്രതികൂലം | 2 വർഷം 3 മാസം 13 ദിവസം | 2 വർഷം 6 മാസം 11 ദിവസം | ഫൈൻ അടച്ചിട്ടില്ല |

4. ഈ അന്തേവാസികളുടെ അകാലവിടുതലുമായി ബന്ധപ്പെട്ട് നിയമവകുപ്പ് ലഭ്യമാക്കിയ നിയമോപദേശങ്ങൾ അനുബന്ധം I, II ആയി ചേർത്തിട്ടുണ്ട്. ഇതിൻ പ്രകാരം പ്രസ്തുത 14 അന്തേവാസികളുടെയും അകാലവിടുതലിന് മറ്റ് നിയമതടസങ്ങളില്ലായെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

5. അകാലവിട്ടുതലുമായി ബന്ധപ്പെട്ട്, കുറ്റകൃത്യത്തിന്റെ സ്വഭാവം മാത്രം പരിഗണിച്ച് തടവുകാർക്ക് അകാലവിട്ടുതൽ നിഷേധിക്കുന്നതിനെതിരായി ബഹു. സുപ്രീംകോടതി WP(Crl) 520/22 നമ്പർ കേസിൽ, Joseph Vs State of Kerala, 21.09.2023 തീയതിയിലെ വിധിന്യായത്തിൽ നിരീക്ഷണം നടത്തിയിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിന്റെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

*"............33. Classifying to use a better word, typecasting convicts, through guidelines which are inflexible, based on their crime committed in the distant past can result in the real danger of overlooking the reformative potential of each individual convict. Grouping types of convicts, based on the offences they were found to have committed, as a starting point, may be justified. However, the prison laws in India - read with Articles 72 and 161 encapsulate a strong underlying reformative purpose. The practical impact of a guideline, which bars consideration of a premature release request by a convict who has served over 20 or 25 years, based entirely on the nature of crime committed in the distant past, would be to crush the life force out of such individual, altogether. Thus, for instance, a 19 or 20 year old individual convicted for a crime, which finds place in the list which bars premature release, altogether, would mean that such person would never see freedom, and would die within the prison walls. There is a peculiarity of continuing to imprison one who committed a crime years earlier who might well have changed totally since that time. This is the condition of many people serving very long sentences. They may have killed someone (or done something much less serious, such as commit a narcotic drug related offences or be serving a life sentence for other non-violent crimes) as young individuals and remain incarcerated 20 or more years later. Regardless of the morality of continued punishment, one may question its rationality. The question is, what is achieved by continuing to punish a person who recognises the wrongness of what they have done, who no longer identifies with it, and who bears little resemblance to the person they were years earlier? It is tempting to say that they are no longer the same person. Yet, the insistence of guidelines, obdurately, to not look beyond the red lines drawn by it and continue in denial to consider the real impact of prison good behavior, and other relevant factors (to ensure that such individual has been rid of the likelihood of causing harm to society) results in violation of Article 14 of the Constitution. Excluding the relief of premature release to prisoners who have served extremely long periods of incarceration, not only crushes their spirit, and instils despair, but signifies society's resolve to be harsh and unforgiving. The idea of rewarding, a prisoner for good conduct is entirely negated.*

*34. In the petitioner's case, the 1958 Rules are clear a life sentence, is deemed to be 20 years of incarceration. After this, the prisoner is entitled to premature release. 28 The guidelines issued by the NHRC pointed out to us by the counsel for the petitioner, are also relevant to consider that of mandating release, after serving 25 years as sentence (even in heinous crimes). At this juncture, redirecting the petitioner who has already undergone over 26 years of incarceration (and over 35 years of punishment with remission), before us to undergo, yet again, consideration before the Advisory Board, and thereafter, the state government for premature release - would be a cruel outcome, like being granted only a salve to fight a raging fire, in the name of procedure. The grand vision of the rule of law and the idea of fairness is then swept away, at the altar of procedure which this court has repeatedly held to be a*

*"handmaiden of justice".*

*35. Rule 376 of the 2014 Rules prescribes that prisoners shall be granted remission for keeping peace and good behaviour in jail. As per the records produced by the State, the petitioner has earned over 8 years of remission, thus demonstrating his good conduct in jail. The discussions in the minutes of the meetings of the Jail Advisory Board are also positive and find that he is hardworking, disciplined, and a reformed inmate. Therefore, in the interest of justice, this court is of the opinion, that it would be appropriate to direct the release of the petitioner, with immediate effect. It is ordered accordingly.*

*36. The writ petition, thus, stands allowed in the above terms. Pending applications, if any, are disposed of.*

6. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ബഹു കേരളാ ഹൈക്കോടതി മുമ്പാകെ ശ്രീമതി പ്രസന്ന, ശ്രീമതി ബിന്ദു പ്രകാശൻ എന്നിവർ യഥാക്രമം ഫയൽ ചെയ്ത WA.No. 1245/24, WA No.2137/24 എന്നിവയിന്മേലും ശ്രീ ബാലു ഫയൽ ചെയ്ത WP(Crl) 1215/24-ലും സമാന വിധത്തിലുള്ള വിധിന്യായം ബഹു. കോടതി പുറപ്പെടുവിച്ചിട്ടുള്ളതും ഈ വിധിന്യായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് നെട്ടുകാൽത്തേരി തുറന്ന ജയിലിലെ അന്തേവാസിയായിരുന്ന സി.നം. 2761 രാജൻ, ചീമേനി തുറന്ന ജയിലിലെ അന്തേവാസിയായിരുന്ന സി.നം. 321 പ്രകാശൻ എന്നിവർക്ക് 15.09.2025 തീയതിയിലെ സ.ഉ(കൈ)നം.171/2025/ആഭ്യന്തരം പ്രകാരവും വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അന്തേവാസിയായ സി.നം. 6036 ബാലു, സി.നം.4028 റിജോ എന്നിവരുൾപ്പടെയുള്ള നാലുപേർക്ക് 31.10.2025 തീയതിയിലെ സ.ഉ(കൈ)നം.206/2025/ആഭ്യന്തരം പ്രകാരവും അകാല വിട്ടുതൽ അനുവദിക്കുകയുണ്ടായി.

7. കുറ്റവാളികളുടെ മേൽ ചുമത്തുന്ന പിഴ ശിക്ഷ (fine sentence) സംബന്ധിച്ച് Bilkis Yakub Rasool Vs Union of India, MANU/SC/0025/2024 നമ്പർ കേസിലെ ഉത്തരവിൽ ബഹു. സുപ്രീംകോടതിയുടെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ നിയമവകുപ്പ് താഴെപ്പറയുന്ന അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്:

*" **Bilkis Yakub Rasool Vs. Union of India, MANU/SC/0025/2024** എന്ന കേസിൽ അകാല വിട്ടുതലിനായി പരിഗണിക്കുന്ന തടവുകാർക്ക് ശിക്ഷയോടൊപ്പം ഫൈൻ കൂടി വിധിച്ചിട്ടുള്ളതാണെങ്കിൽ ഫൈൻ ഒടുക്കിയത് സംബന്ധിച്ച വിവരങ്ങൾ കൂടി പരിശോധിക്കേണ്ടതാണെന്ന് വിധിക്കുകയുണ്ടായി. ആയത് ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.*

ബിൽക്കിസ് യാക്കൂബ്, കേസിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവിലെ 54ാം ഖണ്ഡികയിൽ പിഴയ്ക്കു പകരമുള്ള ശിക്ഷ സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കുന്നുണ്ട്. ഖണ്ഡിക 54 -3 ൽ ........." *the sentence of imprisonment awarded to a person for committing an offence is distinct than the imprisonment ordered to be*

*undergone on default of payment of fine. The latter is not a substantive sentence for commission of offence but is in the nature of penalty for default in payment of fine"* എന്ന് വ്യക്തമാക്കുന്നു. സമാനമായ മറ്റൊരു കേസിൽ നിയമവകുപ്പ് തന്ന ഉപദേശത്തിൽ ഇത് വിശദീകരിക്കുന്നുണ്ട്

8. ഇതിൻ പ്രകാരം ശിക്ഷായിളവിന് പരിഗണിക്കുന്ന തടവുകാർ ഫൈൻ ഒടുക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തുവാനും പിഴ ഒടുക്കുന്നതിന് പകരമായി അനുഭവിക്കേണ്ട ശിക്ഷാകാലാവധി കൂടി കണക്കിലെടുത്താണോ BNSS 475 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മിനിമം കാലാവധിയായ 14 വർഷം കണക്കാക്കിയിട്ടുള്ളതിൽ വ്യക്തത വരുത്തുവാനും ജയിൽ വകുപ്പ് മേധാവിയോട് ആവശ്യപ്പെട്ടിരുന്നു. പിഴ ഒടുക്കാത്തതിന് പകരമായി അനുഭവിക്കേണ്ട ശിക്ഷാ കാലാവധി കൂടി കണക്കിലെടുത്തല്ല ജയിൽ ഉപദേശകസമിതികൾ BNSS 475 (CrPC 433 A) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മിനിമം കാലാവധിയായ 14 വർഷം കണക്കാക്കിയിട്ടുള്ളതെന്നും Set off കാലാവധി ഉൾപ്പെടെയുള്ള യഥാർത്ഥ ശിക്ഷ (Substantive Sentence) മാത്രമാണ് ഇതിനായി കണക്കാക്കുന്നതെന്നും ജയിൽ ഉപദേശക സമിതി ശിപാർശ അനുസരിച്ച് വിട്ടുതൽ ഉത്തരവാകുന്ന പക്ഷം, അന്തേവാസികൾ പിഴത്തുക ഒടുക്കിയെന്ന് ഉറപ്പുവരുത്തി മാത്രമാണ് വിട്ടുതൽ ചെയ്യുന്നതെന്നും പിഴ ഒടുക്കാത്ത തടവുകാരെ പിഴയ്ക്ക് പകരമായി അനുഭവിക്കേണ്ട ശിക്ഷ കൂടി അനുഭവിച്ച ശേഷം മാത്രമാണ് വിട്ടുതൽ ചെയ്യുന്നതെന്നും ജയിൽ വകുപ്പ് മേധാവി അറിയിച്ചു.

9.. ഈ ശിപാർശയിൽ ഉൾപ്പെട്ട സി.നം. 5235 ലൂയിസ് മരണമടഞ്ഞതായും സി.നം.4363 മഹേഷ് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും സി.നം. 5090 ജോസ് ശിക്ഷാകാലാവധി പൂർത്തിയാക്കിയും വിട്ടുതൽ ചെയ്തിട്ടുള്ളതായി ജയിൽ വകുപ്പ് മേധാവി അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 11 അന്തേവാസികളിൽ സി.നം. 2393 രാജു ഫൈൻ ഒടുക്കിയിട്ടുള്ളതും മറ്റ് 10 പേർ ഫൈൻ തുക ഒടുക്കിയിട്ടില്ലായെന്നും, അകാലവിട്ടുതൽ അനുവദിച്ച് ഉത്തരവാകുന്ന മുറയ്ക്ക് പിഴത്തുക ജയിലിൽ നിന്നും ആർജിച്ച വേജസിൽ നിന്നും അടയ്ക്കുവാൻ ഇവർ രേഖാമൂലം സമ്മതം അറിയിച്ചിട്ടുണ്ടെന്നും ജയിൽ വകുപ്പ് മേധാവി അറിയിച്ചിട്ടുണ്ട്. ഫൈൻ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.

10. ഈ ശിപാർശയിൽ ഉൾപ്പെട്ട സി.നം. 5244 കരുണാകരൻ നായരെ സംരക്ഷിക്കാൻ, ഭാര്യയോ മക്കളോ തയാറല്ലെന്ന് പ്രൊബേഷണറി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ജയിൽ വകുപ്പ് മേധാവി അറിയിച്ചിട്ടുണ്ട്.

83/



10. തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ 18.02.2025 തീയതിയിലെ ജയിൽ ഉപദേശക സമിതി ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിട്ടുതൽ അനുവദിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ 18.02.2025 ൽ കൂടിയ ഉപദേശക സമിതിയുടെ ശിപാർശയും നിയമ വകുപ്പിന്റെ ഉപദേശവും പരിഗണിച്ച്, ഭരണഘടനയുടെ 161-ാം അനുച്ഛേദം പ്രദാനം ചെയ്യുന്ന അധികാരങ്ങൾ വിനിയോഗിച്ചും, 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470 ലെ നിബന്ധനകൾക്ക് വിധേയമായും, ശിക്ഷിക്കപ്പെട്ട പിഴ അടച്ച കഴിഞ്ഞു മാത്രമോ അല്ലെങ്കിൽ പിഴയ്ക്ക പകരമുള്ള ശിക്ഷ അനുഭവിച്ച കഴിഞ്ഞു മാത്രമോ ആയിരിക്കും വിട്ടുതൽ എന്ന് വ്യക്തമാക്കിക്കൊണ്ടും, മരണമടഞ്ഞ സി.നം. 5235 ലൂയിസ്, ജയിൽ മോചിതരായ സി.നം. 4363 മഹേഷ്, സി.നം. 5690 ജോസ്, പ്രൊബേഷൻ റിപ്പോർട്ട് പ്രതികൂലമായ സി.നം.1565 ഗോപി, സി.നം. 2564 തോമസ്, സി.നം. 5691 വിജയകുമാർ, സി.നം. 5244 കരുണാകരൻ നായർ എന്നിവരെ ഒഴിവാക്കി താഴെ പറയുന്ന 07 അന്തേവാസികളുടെ ശേഷിക്കുന്ന പ്രധാന ശിക്ഷാ കാലയളവ് (period of substantive sentence) ഇളവ് ചെയ്ത് അകാലവിട്ടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണർക്ക് ഉപദേശം നൽകാമോ ?

1. സി നം. 5406, നൈജിൽ ഫെർണാണ്ടസ്
2. സി നം. 5407, ട്രവർ ജോസഫ് ഫെർണാണ്ടസ്
3. സി നം. 5649, അനിൽകുമാർ
4. സി നം. 2393, രാജു
5. സി നം. 5251 വിജയകുമാർ
6. സി നം. 4371 സുനിൽ
7. സി നം. 9351 ബൈജു

അല്ലെങ്കിൽ

2. തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ 18.02.2025 ൽ കൂടിയ ഉപദേശക സമിതിയുടെ ശിപാർശയും നിയമ വകുപ്പിന്റെ ഉപദേശവും പരിഗണിച്ച് ഭരണഘടനയുടെ 161-ാം അനുച്ഛേദം പ്രദാനം ചെയ്യുന്ന അധികാരങ്ങൾ വിനിയോഗിച്ചും, 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470 ലെ നിബന്ധനകൾക്ക് വിധേയമായും ശിക്ഷിക്കപ്പെട്ട പിഴ അടച്ച കഴിഞ്ഞു മാത്രമോ അല്ലെങ്കിൽ പിഴയ്ക്ക പകരമുള്ള ശിക്ഷ അനുഭവിച്ച കഴിഞ്ഞു മാത്രമോ ആയിരിക്കും വിട്ടുതൽ എന്ന് വ്യക്തമാക്കിക്കൊണ്ടും മരണമടഞ്ഞ സി.നം. 5235 ലൂയിസ്, ജയിൽ

മോചിതരായ സി.നം. 4363 മഹേഷ്, സി.നം. 5690 ജോസ് എന്നിവരെ ഒഴിവാക്കി താഴെപ്പറയുന്ന 11 അന്തേവാസികളുടെ ശേഷിക്കുന്ന പ്രധാന ശിക്ഷാ കാലയളവ് (period of substantive sentence) ഇളവ് ചെയ്ത് അകാലവിട്ടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണർക്ക് ഉപദേശം നൽകാമോ ?

1. സി നം. 5406, നൈജിൽ ഫെർണാണ്ടസ്
2. സി നം. 5407, ട്രവർ ജോസഫ് ഫെർണാണ്ടസ്
3. സി നം. 5649, അനിൽകുമാർ
4. സി നം. 1565, ഗോപി@ഷോബി
5. സി നം. 2393, രാജു
6. സി നം. 2564, തോമസ്
7. സി.നം. ~~524~~ 5244 കരുണാകരൻ നായർ
8. സി നം. 5251 വിജയകുമാർ
9. സി നം. 4371 സുനിൽ
10. സി നം. 9351 ബൈജു
11. സി നം. 5691 വിജയകുമാർ

87

## അനുബന്ധം - I

1. 2010-ലെ കേരള പ്രിസൺസ് ആൻഡ് കറക്ഷണൽ സർവീസസ് (മാനേജ്മെന്റ്) ആക്ടിന്റെ 77-ാം വകുപ്പ് പ്രകാരം തടവുകാർക്ക് സ്വമേധയാ അല്ലെങ്കിൽ ഉപദേശക ബോർഡിന്റെ ശിപാർശ പ്രകാരം അകാല വിട്ടുതൽ അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിന് നൽകുന്നു. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ 462-ാം ചട്ടം അനുസരിച്ച്, തടവുകാരെ അകാലവിട്ടുതൽ സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനായി എല്ലാ സെൻട്രൽ ജയിലുകളിലും വനിതാജയിലുകളിലും, തുറന്ന ജയിലുകളിലും അതീവ സുരക്ഷാ ജയിലിലും ഉപദേശക സമിതികളെ രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക ബോർഡ് 18/02/2025 ന് യോഗം ചേർന്ന് 14 തടവുകാർക്ക് അകാല വിട്ടുതൽ അനുവദിക്കുന്നതിനും 3 തടവുകാർക്ക് സാധാരണ അവധി അനുവദിക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. ശിക്ഷയുടെ ഭാഗമായുള്ള ഫൈൻ തുക ഒടുക്കിയതുമായ വിവരങ്ങൾ ഡയറക്ടർ ജനറൽ 02-05-2025 ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. അകാല വിട്ടുതൽ സംബന്ധിച്ച ഫയലുകൾ നിയമ വകുപ്പിലേക്ക് അയക്കുമ്പോൾ ബന്ധപ്പെട്ട കോടതികളുടെ വിധികളുടെ പകർപ്പുകൾ, മറ്റ് രേഖകളുടെ പകർപ്പുകൾ എന്നിവ ഈ വകുപ്പിന്റെ പരിശോധനക്കായി നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. Bilkis Yakub Rasool Vs. Union of India,MANU/SC/0025/2024 എന്ന കേസിൽ അകാല വിട്ടുതലിനായി പരിഗണിക്കുന്ന തടവുകാർക്ക് ശിക്ഷയോടൊപ്പം ഫൈൻ കൂടി വിധിച്ചിട്ടുള്ളതാണെങ്കിൽ ഫൈൻ ഒടുക്കിയത് സംബന്ധിച്ച് വിവരങ്ങൾ കൂടി പരിശോധിക്കേണ്ടതാണെന്ന് വിധിക്കുകയുണ്ടായി. ആയത് ഭരണ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്. തിരുവനന്തപുരം സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ ഉപദേശക സമിതി ശിപാർശ സംബന്ധിച്ച കേസ് ഫയൽ ഈ വകുപ്പ് വിശദമായി പരിശോധിച്ചു. ഫയലിൽ ലഭ്യമാക്കിയിട്ടുള്ള തടവുകാരെ സംബന്ധിച്ച വിശദാംശങ്ങളുടെ സമഗ്രമായ പരിശോധനയുടെ അടിസ്ഥാനത്തിൽ, താഴെപറയുന്ന രീതിയിൽ വകുപ്പിനെ അറിയിക്കാവുന്നതാണ്.

**1. സി.നം. 5235 ലൂയിസ് @ പൊന്നി S/o പീറ്റർ (വയസ്സ് -61/24)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| മുൻകൂർ പണം വാങ്ങിയിട്ട് ജോലിക്ക് ഹാജരാകാത്തതിന്റെ വൈരാഗ്യത്തിൽ പ്രതി, | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ |

| | |
|---|---|
| ജയഭദ്രൻ എന്ന വ്യക്തിയെ 30/10/2003 ൽ സാമ്പ്രാണിക്കട പഞ്ചായത്ത് റോഡിൽ വച്ച് നെഞ്ചിന്റെ ഇടത് വശം കത്തികൊണ്ട് കുത്തി കൊലപ്പെടുത്തി എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br><br>ബഹു. കൊല്ലം സെഷൻസ് കോടതിയുടെ എസ്.സി.നം. 519/2007 കേസിലെ പ്രതിയായ ടിയാനെ ബഹു കോടതി കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302-ാം വകുപ്പ് പ്രകാരം ജീവപര്യന്തം തടവും 25000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 1 വർഷം സാധാരണ തടവും ഉത്തരവായിട്ടുണ്ട്.<br><br>22.07.2015 ലെ ക്രിമിനൽ അപ്പീൽ നം.689/2010 ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു. | ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക ബോർഡ് ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 14 വർഷവും 03 മാസവും 11 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു.<br><br>ബഹു. കീഴ്ക്കോടതിയുടെയോ അപ്പീൽ കോടതിയുടെയോ വിധികളിൽ തടവുകാരന്റെ അകാലവിടുതൽ സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br><br>BNSS ലെ വകുപ്പ് 475 അനുശാസിക്കുന്ന ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ പൂർത്തിയാക്കിയതിനാൽ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. |

**2. സി.നം.5406, നൈജിൽ ഫെർണാണ്ടസ് S/o എർഡിലി സ്റ്റീഫൻ ഫെർണാണ്ടസ് (വയസ്സ് -44/24)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| കൊല്ലപ്പെട്ട സാന്ദ്രയുടെ ഇളയച്ഛൻമാരായ ഇരട്ട സഹോദരങ്ങളിൽ ഒന്നാം പ്രതി നൈജിൽ ഫെർണാണ്ടസും, രണ്ടാം പ്രതി ട്രവർ ഫെർണാണ്ടസും ചേർന്ന് 03/08/2004 തീയതി സാന്ദ്ര ഉച്ചത്തിൽ | പ്രതിയുടെ അകാല വിടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. |

സംസാരിച്ചതിനെ തുടർന്നുണ്ടായ തർക്കത്തിലും, ഇവരുടെ മാതാവായ ലില്ലി പിണങ്ങിപ്പോകാൻ ഇടയായ മുൻ വൈരാഗ്യത്തിലും, താമസിച്ച വീടിന് തീവെച്ചും, റോഡ് വീലർ പട്ടികളെ അഴിച്ച് വിട്ട് ഭീകരാന്തരീക്ഷം സൃഷ്ടിച്ചും, കോടാലി കൊണ്ട് വെട്ടിയും, കത്തി കൊണ്ട് കുത്തിയും, കിണറ്റിൽ തള്ളിയിട്ട് കൊലപ്പെടുത്തി എന്നതാണ് പ്രോസിക്യൂഷൻ കേസ്.

ബഹു. തിരുവനന്തപുരം സെഷൻസ് കോടതിയുടെ എസ്.സി.നം. 2279/2004 കേസിലെ ഒന്നാം പ്രതിയായ ടിയാനെ ബഹു കോടതി കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302-ാം വകുപ്പ് പ്രകാരം വധശിക്ഷയും, 5000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 06 മാസം കഠിന തടവും, ഇന്ത്യൻശിക്ഷാനിയമം 427 r/w 34 വകുപ്പ് പ്രകാരം 2 വർഷം കഠിന തടവും, ഇന്ത്യൻശിക്ഷാനിയമം 436 r/w 34 വകുപ്പ് പ്രകാരം 10 വർഷം കഠിന തടവും, 5000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 06 മാസം കഠിന തടവും ഉത്തരവായിട്ടുണ്ട്. ശിക്ഷാ കാലയളവ് ഒന്നിച്ചനുഭവിക്കുന്നതിനും, സെറ്റ് ഓഫും അനുവദിച്ചും ഉത്തരവായിട്ടുണ്ട്.
08.03.2007 ലെ ക്രിമിനൽ അപ്പീൽ നം. 96&97/2006 പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി ഭാഗികമായി ശരിവയ്ക്കുകയും ടിയാന്റെ വധശിക്ഷ ജീവപര്യന്തമായി ഇളവ് ചെയ്യുകയും 10,000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 06 മാസം തടവും ഉത്തരവാകുകയുംചെയ്തിട്ടുണ്ട്. (മറ്റൊരു കേസിൽ (സി.സി.നം.599/2006) ബഹു. കാട്ടാക്കട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ടിയാനെതിരെ ഇന്ത്യൻശിക്ഷാനിയമം 354, 506(ii), 341 r/w 34 വകുപ്പ് പ്രകാരം 02 വർഷം കഠിന തടവും, 2000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 02 മാസം സാധാരണ തടവും

ജയിൽ ഉപദേശക ബോർഡ് ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.

വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 18 വർഷവും 11 മാസവും 26 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള
പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു.

ബഹു. കീഴ്ക്കോടതിയുടെയോ അപ്പീൽ കോടതിയുടെയോ വിധികളിൽ
തടവുകാരന്റെ അകാലവിട്ടുതൽ സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.

BNSS ലെ വകുപ്പ് 475 അനുശാസിക്കുന്ന ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ
പൂർത്തിയാക്കിയതിനാൽ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

| | |
|---|---|
| ഉത്തരവായിട്ടുള്ളതായി കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു. ആയതിന്റെ വിധിപ്പകർപ്പ് ലഭ്യമല്ല.) | |

**3. സി.നം. 5407, ടവർ ജോസഫ് ഫെർണാണ്ടസ് S/o എർഡിലി സ്റ്റീഫൻ ഫെർണാണ്ടസ് (വയസ്സ് -44/24)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| കൊല്ലപ്പെട്ട സാന്ദ്രയുടെ ഇളയച്ഛൻമാരായ ഇരട്ട സഹോദരങ്ങളിൽ ഒന്നാം പ്രതി നൈജിൽ ഫെർണാണ്ടസും, രണ്ടാം പ്രതി ടവർ ഫെർണാണ്ടസും ചേർന്ന് 03/08/2004 തീയതി സാന്ദ്ര ഉച്ചത്തിൽ സംസാരിച്ചതിനെ തുടർന്നുണ്ടായ തർക്കത്തിലും, ഇവരുടെ മാതാവായ ലില്ലി പിണങ്ങിപ്പോകാൻ ഇടയായ മുൻ വൈരാഗ്യത്തിലും, താമസിച്ച വീടിന് തീവെച്ചും, റോഡ് വീലർ പട്ടികളെ അഴിച്ച് വിട്ട് ഭീകരാന്തരീക്ഷം സൃഷ്ടിച്ചും, കോടാലി കൊണ്ട് വെട്ടിയും, കത്തി കൊണ്ട് കുത്തിയും, കിണറ്റിൽ തള്ളിയിട്ട് കൊലപ്പെടുത്തി എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br><br>ബഹു. തിരുവനന്തപുരം സെഷൻസ് കോടതിയുടെ എസ്.സി.നം. 2279/2004 കേസിലെ പ്രതിയായ ടിയാനെ ബഹു കോടതി കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302-ാം വകുപ്പ് പ്രകാരം ജീവപര്യന്തം തടവും, 5000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 06 മാസം കഠിന തടവും, ഇന്ത്യൻശിക്ഷാനിയമം 427 r/w 34 വകുപ്പ് പ്രകാരം 2 വർഷം കഠിന തടവും, ഇന്ത്യൻശിക്ഷാനിയമം 436 r/w 34 വകുപ്പ് പ്രകാരം 10 വർഷം കഠിന തടവും, 5000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 06 മാസം കഠിന തടവും ഉത്തരവായിട്ടുണ്ട്. ശിക്ഷാ കാലയളവ് | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. എന്നാൽ ജയിൽ ഉപദേശക ബോർഡ് ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 18 വർഷവും 09 മാസവും 29 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു.<br>ബഹു. കീഴ്ക്കോടതിയുടെയോ അപ്പീൽ കോടതിയുടെയോ വിധികളിൽ തടവുകാരന്റെ അകാലവിട്ടുതൽ സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br>BNSS ലെ വകുപ്പ് 475 അനുശാസിക്കുന്ന ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ പൂർത്തിയാക്കിയതിനാൽ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണ |

| | |
|---|---|
| ഒന്നിച്ചനുഭവിക്കുന്നതിനും, സെറ്റ് ഓഫും അനുവദിച്ചും ഉത്തരവായിട്ടുണ്ട് .<br>08.03.2007 ലെ ക്രിമിനൽ അപ്പീൽ നം. 96&97/2006 പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ടിയാനെതിരെയുള്ള ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു.<br>(മറ്റൊരു കേസിൽ (സി.സി.നം.624 /2002 ) ബഹു. കാട്ടാക്കട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ടിയാനെതിരെ ഇന്ത്യൻശിക്ഷാനിയമം 451 506(ii), 341 , 354 r/w 34 വകുപ്പ് പ്രകാരം 02 വർഷം കഠിന തടവും, 2000/-രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 02 മാസം സാധാരണ തടവും ഉത്തരവായിട്ടുള്ളതായി കേസ് ഫയലിനൊപ്പമുള്ള ജയിൽ ഉപദേശക ബോർഡ് മിനുട്സിൽ രേഖപ്പെടുത്തി കാണുന്നു. ആയതിന്റെ വിധിപ്പകർപ്പ് ലഭ്യമല്ല. | വകുപ്പിനെ അറിയിക്കുന്നു. |

**4. സി.നം. 5649, അനിൽകുമാർ @ അന്തകണ്ണൻ S/o അബ്ദുൽസലാം (വയസ്സ് -50/24)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| രാഷ്ട്രീയ കൊലപാതകവുമായി ബന്ധപ്പെട്ട് 3-ാം പ്രതിയായ അനിൽകുമാറും സംഘവും പ്രതികാരം ചെയ്യണം എന്ന ഉദ്ദേശത്തോടെ കൊല്ലം കണ്ണനല്ലൂർ പുഷ്പ റോഡിൽ നിയമവിരുദ്ധമായി സംഘടിച്ച് സന്തോഷ് എന്ന വ്യക്തിയെ 14.11.1997 തീയതി കൊലപ്പെടുത്തി എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br><br>ബഹു. കൊല്ലം അഡീഷണൽ സെഷൻസ് കോടതി-II ലെ എസ്.സി.നം. 770/2002 കേസിലെ 3-ാം പ്രതിയായ ടിയാനെ ബഹു കോടതി കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302-ാം വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവും 25000/- | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക ബോർഡ് ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 14 |

| | |
|---|---|
| രൂപ പിഴയും, ഇന്ത്യൻശിക്ഷാനിയമം 143-ാം വകുപ്പ് പ്രകാരം 03 മാസം സാധാരണ തടവും, ഇന്ത്യൻശിക്ഷാനിയമം 147-ാം വകുപ്പ് പ്രകാരം 01 വർഷം കഠിന തടവും, 5000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 03 മാസം സാധാരണ തടവും, ഇന്ത്യൻശിക്ഷാനിയമം 148-ാം വകുപ്പ് പ്രകാരം 01 വർഷം കഠിന തടവും, 5000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 03 മാസം സാധാരണ തടവും, ഇന്ത്യൻശിക്ഷാനിയമം 324-ാം വകുപ്പ് പ്രകാരം 02 വർഷം കഠിന തടവും, 10,000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 04 മാസം സാധാരണ തടവും ഉത്തരവായിട്ടുണ്ട്. ശിക്ഷാ കാലയളവ് ഒന്നിച്ചനുഭവിക്കുന്നതിനും അനുവദിച്ചിട്ടുണ്ട്.<br><br>24.11.2016 ലെ ക്രിമിനൽ അപ്പീൽ നം. 1094/2010 പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു. | വർഷവും 02 മാസവും 04 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു.<br><br>ബഹു. കീഴ്ക്കോടതിയുടെയോ അപ്പീൽ കോടതിയുടെയോ വിധികളിൽ തടവുകാരന്റെ അകാലവിടുതൽ സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br><br>BNSS ലെ വകുപ്പ് 475 അനുശാസിക്കുന്ന ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ പൂർത്തിയാക്കിയതിനാൽ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. . |

**5. സി.നം. 1565, ഗോപി @ ഷോബി S/o പൗലോസ് (വയസ്സ് -74/24)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| ടിയാൻ അയൽവാസിയായ 12 വയസ്സ് പ്രായമുള്ള പെൺകുട്ടിയെ പീഡിപ്പിച്ച ഗർഭിണിയാക്കുകയും, പെൺകുട്ടി ഒരു പെൺകുഞ്ഞിന് ജന്മം നൽകുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br><br>ബഹു. തിരുവനന്തപുരം സെഷൻസ് കോടതി-(പോക്സോ), എസ്.സി.നം. 126/2007 കേസിലെ പ്രതിയായ ടിയാനെ കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 376-ാം വകുപ്പ് പ്രകാരം ജീവപര്യന്തം തടവും 5,00,000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 1 | പ്രതിയുടെ അകാല വിടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസറും പോലീസും പ്രതികൂല റിപ്പോർട്ടാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക ബോർഡ് ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ464(1)(viii) പ്രകാരം 65 വയസ്സ് കഴിഞ്ഞ പുരുഷന്മാരും 55 വയസ്സ് കഴിഞ്ഞ സ്ത്രീകളും അവശരുമായ കുറ്റവാളികളെ സംബന്ധിച്ച്1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 433 എ വകുപ്പിന്റെ പരിധിയിൽ വരാത്ത, ഒരു വർഷമോ അതിലേറെയോ ശിക്ഷിക്കപ്പെട്ടവരുടെ കേസുകൾ |

| | |
|---|---|
| കഠിന തടവും ഉത്തരവായിട്ടുണ്ട്. സെറ്റ് ഓഫ് അനുവദിച്ചിട്ടുണ്ട്.<br>23.07.2021 ലെ ക്രിമിനൽ അപ്പീൽ നം. 143/2017 പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു. | ശിക്ഷയുടെ മൂന്നിലൊന്ന് പൂർത്തിയാകുന്ന മുറയ്ക്ക് ഇളവുകൾ ഉൾപ്പെടെ ഒരുവർഷമെങ്കിലും ജയിലിൽ കഴിഞ്ഞിരിക്കണമെന്ന നിബന്ധനയിലും അകാല വിട്ടതലിന് പരിഗണിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തടവുകാരന് നിലവിൽ 74/2024 വയസ്സുണ്ട്. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 07 വർഷവും 07 മാസവും 13 ദിവസവും ടിയാൻ യഥാർത്ഥ തടവും ഇളവുകൾ ഉൾപ്പെടെ 08 വർഷവും 10 മാസവും 28 ദിവസവും തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു.<br>ബഹു. കീഴ്ക്കോടതിയുടെയോ അപ്പീൽ കോടതിയുടെയോ വിധികളിൽ തടവുകാരന്റെ അകാലവിട്ടുതൽ സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br><br>2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും(നിർവ്വഹണം) ചട്ടങ്ങളിലെ464(1)(viii) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷാ കാലയളവ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. |

**6. സി.നം. 2393, രാജു S/o രാഘവൻ (വയസ്സ് -70/24)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| അയൽവാസികളായ 11 ഉം 6 ഉം വയസ്സുള്ള സഹോദരങ്ങളായ ആൺകുട്ടികളെ പ്രതിയുടെ വീട്ടിൽ ടി.വി. കാണാൻ പോകുന്ന സമയങ്ങളിൽ ലൈംഗികമായി പീഡിപ്പിച്ചു എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br><br>ബഹു. കോട്ടയം അഡി. സെഷൻസ്-I കോടതിയുടെ എസ്.സി.നം. 316/2013 കേസിലെ പ്രതിയായ ടിയാനെ ബഹു കോടതി കുറ്റക്കാരനെന്നു കണ്ടെത്തുകയും | പ്രതിയുടെ അകാല വിടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക ബോർഡ് ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ464(1) (viii) പ്രകാരം 65 വയസ്സ് കഴിഞ്ഞ പുരുഷന്മാരും 55 വയസ്സ് കഴിഞ്ഞ സ്ത്രീകളും |

| | |
|---|---|
| ഇന്ത്യൻശിക്ഷാനിയമം 377-ാം വകുപ്പ് പ്രകാരം 10 വർഷം കഠിന തടവും 10000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 06 മാസം കഠിന തടവും, പോക്സോ നിയമം വകുപ്പ് 4 പ്രകാരം 10 വർഷം കഠിന തടവും, 10000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 06 മാസം കഠിന തടവും ഉത്തരവായിട്ടുണ്ട്. ശിക്ഷാ കാലയളവ് ഒന്നിച്ചനുഭവിക്കുന്നതിനും, സെറ്റ് ഓഫും അനുവദിച്ചും ഉത്തരവായിട്ടുണ്ട്. | അവശരുമായ കുറ്റവാളികളെ സംബന്ധിച്ച്1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 433 എ വകുപ്പിന്റെ പരിധിയിൽ വരാത്ത, ഒരു വർഷമോ അതിലേറെയോ ശിക്ഷിക്കപ്പെട്ടവരുടെ കേസുകൾ ശിക്ഷയുടെ മൂന്നിലൊന്ന് പൂർത്തിയാകുന്ന മുറയ്ക്ക് ഇളവുകൾ ഉൾപ്പെടെ ഒരുവർഷമെങ്കിലും ജയിലിൽ കഴിഞ്ഞിരിക്കണമെന്ന നിബന്ധനയിലും അകാല വിട്ടുതലിന് പരിഗണിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തടവുകാരന് നിലവിൽ 70/2024 വയസ്സുണ്ട്. 31.12.2024 തീയതി അടിസ്ഥാനപ്പെടുത്തി 6 വർഷവും 11 മാസവും 29 ദിവസവും ടിയാൻ യഥാർത്ഥ തടവും ഇളവുകൾ ഉൾപ്പെടെ 08 വർഷവും 2 മാസവും 02 ദിവസവും തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു.<br>ബഹു. വിചാരണക്കോടതിയുടെ വിധിയിൽ തടവുകാരന്റെ അകാലവിട്ടുതൽ സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br>2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും(നിർവ്വഹണം) ചട്ടങ്ങളിലെ464(1)(viii) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷാ കാലയളവ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. |

**7. സി.നം. 2564, തോമസ് @ ബാബുച്ചായൻ S/o അച്ചൻകുഞ്ഞ് (വയസ്സ് -69/24)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| പ്രതി അയൽവാസിയായ 10 വയസ്സുള്ള പെൺകുട്ടിയെ ലൈംഗികമായി ഉപദ്രവിച്ചു എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>ബഹു. കൊല്ലം അഡീഷണൽ സെഷൻസ് കോടതി-I ലെ എസ്.സി.നം. | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസറും പോലീസും പ്രതികൂല റിപ്പോർട്ടാണ് നൽകിയിട്ടുള്ളത്. ജയിൽ ഉപദേശക ബോർഡ് ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. |

95

| | |
|---|---|
